**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4822** **20-07-2022 - ൽ മറുപടിയ്ക്ക്**

**കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | നിയോജകമണ്ഡലാടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീമിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | ഓരോ നിയമസഭാ നിയോജക മണ്ഡലത്തിലെയും പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി അവലോകനം ചെയ്ത് പുരോഗതി വിലയിരുത്തുന്നതിനും പ്രവർത്തികളുമായി ബന്ധപ്പെട്ടുയർന്നു വരുന്ന പ്രശ്നങ്ങൾ സത്വരമായി പരിഹരിക്കുന്നതിനുമായി എക്സിക്യൂട്ടീവ് എഞ്ചിനീയർ റാങ്കിൽ കുറയാത്ത എഞ്ചിനീയർമാരെ ചുമതലപ്പെടുത്തി കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീം രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ടീമിലെ എഞ്ചിനീയർമാരുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഏഴ് തെക്കൻ ജില്ലകളിലും ഏഴ് വടക്കൻ ജില്ലകളിലും ഓരോ ചീഫ് എഞ്ചിനീയർമാരെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സ്റ്റേറ്റ് ലെവൽ നോഡൽ ഓഫീസറുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിലും രണ്ടാഴ്ചയിലൊരിക്കൽ വിശകലനം ചെയ്യാറുണ്ട്. |
| (ബി) | മണലൂർ മണ്ഡലം സി.എം.റ്റി.യുടെ നോഡൽ ഓഫീസറായി നിയമിച്ചിരുന്ന ഓഫീസർ സ്ഥലംമാറി പോയതിനുശേഷം ഇതുവരെ സി.എം.റ്റി.യുടെ യോഗം വിളിച്ച് ചേർത്തിട്ടില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | മുൻ ഓഫീസർ സ്ഥലംമാറി പോയതിനുശേഷം പകരം നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഓഫീസർ ആരാണെന്നുള്ള വിവരം അറിയിക്കാമോ; | (സി) | എൻ.എച്ച് ഡിവിഷൻ, കൊടുങ്ങല്ലൂർ എക്സിക്യൂട്ടീവ് എഞ്ചിനീയറാണ് മണലൂർ നിയോജക മണ്ഡലത്തിലെ സി.എം.റ്റി നോഡൽ ഓഫീസർ. പ്രസ്തുത എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല നിലവിൽ ആലുവ ദേശീയപാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് നൽകിയിരിക്കുന്നത്. |
| (ഡി) | നിലവിൽ നോഡൽ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെങ്കിൽ പ്രസ്തുത ഓഫീസർ | (ഡി) | പുതിയ നോഡൽ ഓഫീസർ ഇതുവരെ സി.എം.റ്റി യോഗങ്ങൾ വിളിച്ചു ചേർത്തിട്ടില്ല. |

| | | | |
|---|---|---|---|
| | വിളിച്ച് ചേർത്തിട്ടുള്ള യോഗങ്ങളുടെ വിശദാംശം നൽകാമോ; | | |
| (ഇ) | യോഗങ്ങൾ വിളിച്ച് ചേർത്തിട്ടില്ലായെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് പരിശോധിക്കുമോ; വിശദാംശം നൽകാമോ? | (ഇ) | ആലുവ ദേശീയപാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതല. നിലവിൽ കൊടുങ്ങല്ലൂർ ദേശീയപാത വിഭാഗം ഓഫീസ് നിർത്തലാക്കുന്നതിന് ഉത്തരവായിട്ടുള്ളതാണ്. ദേശീയപാത ഓഫീസുകൾ നിർത്തലാക്കുന്നതിന്റെ ഭാഗമായി ചാവക്കാട്, പറവൂർ ദേശീയപാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതലയും വൈറ്റില ദേശീയപാത മധ്യമേഖല ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നിവരുടെ അധികചുമതലകളും കൊടുങ്ങല്ലൂർ ദേശീയപാത വിഭാഗം ഓഫീസിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അധിക ചുമതലയും ആലുവ ദേശീയപാത ഉപവിഭാഗം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നിർവഹിക്കേണ്ടതുണ്ടായതിനാൽ കോൺസ്റ്റിറ്റ്യുവൻസി മോണിറ്ററിംഗ് ടീമിന്റെ മീറ്റിംഗുകളൊന്നും വിളിച്ചു ചേർക്കാൻ കഴിഞ്ഞിരുന്നില്ല. വിളിച്ചു ചേർക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ